"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കണ്ണൂർ കോർപ്പറേഷൻ മുൻ സോണൽ ആഫീസർ ശ്രീ.വി.വി.രാജീവനെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1695/2022/LSGD തീയതി,തിരുവനന്തപുരം, 18-07-2022

പരാമർശം:-
1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 04.09.2018 ലെ ഇ17(എസ് സി 67/17/കെഎൻആർ) 26851/17 നമ്പർ റിപ്പോർട്ട്
2. സർക്കാരിന്റെ 02.09.2021 ലെ ഇപിബി3/101/2019/തസ്വഭവ നമ്പർ കാരണംകാണിക്കൽ നോട്ടീസ്
3. പഞ്ചായത്ത് ഡയറക്ടറുടെ 07.05.2022 ലെ PAN/11318/2021 - D9 (DP) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കണ്ണൂർ കോർപറേഷൻ എടക്കാട് സോണൽ ഓഫീസിലെ ഉദ്യോഗസ്ഥരുടെ സഹായത്തോടെ CRZ റൂൾസ് ലംഘിച്ചു കൊണ്ട് ചേര റോക്ക്സ് റിസോർട്ട് പ്രവർത്തിക്കുന്നു എന്ന പരാതിയിന്മേൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, കണ്ണൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ മിന്നൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് പ്രകാരം 2007 ൽ ചേര റോക് റിസോർട്ടിന്റെ ഉടമസ്ഥൻ ശ്രീ.എം.പി.ശ്രീനിവാസൻ അന്നത്തെ എടക്കാട് ഗ്രാമപഞ്ചായത്തിൽ പ്രസ്തുത കെട്ടിടം പുതുക്കി പണിയുന്നതിന് അപേക്ഷ കൊടുക്കുകയും അന്നത്തെ പഞ്ചായത്ത് സെക്രട്ടറി ശ്രീ അസൈൻ CRZ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രസ്തുത കെട്ടിടം വിപുലീകരിച്ചു നിർമ്മിക്കുന്നതിനുള്ള അനുവാദം കൊടുത്തിട്ടുള്ളതാണ് എന്നും എന്നാൽ പഞ്ചായത്ത് രേഖകളിൽ കെട്ടിടം പൊളിച്ചു മാറ്റിയതായി രേഖപ്പെടുത്തി പിന്നീട് പഴയ കെട്ടിട നമ്പർ ഉപയോഗിച്ച് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയാണ് ചെയ്തിട്ടുള്ളത് എന്നും പരാതിയുടെ അടിസ്ഥാനത്തിൽ കോസ്റ്റൽ സോൺ മാനേജമെന്റ് അതോറിറ്റി പരിശോധന നടത്തിയതിൽ CRZ ലംഘിച്ചു കൊണ്ടാണ് കെട്ടിട നിർമ്മാണം നടത്തിയതെന്ന് തെളിഞ്ഞിട്ടുണ്ട് എന്നും എന്നാൽ ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെട്ടിട ഉടമക്ക് നോട്ടീസ് നല്കുകയല്ലാതെ ക്രിയാത്മക നടപടികൾ നഗരസഭ കൈക്കൊണ്ടതായി കാണുന്നില്ല എന്നും ക്രമക്കേടുകൾക്ക് ഉത്തരവാദിയായ മുൻ സോണൽ ആഫീസർ ശ്രീ.വി.വി.രാജീവനെതിരെ കർശന നടപടി സ്വീകരിക്കണം എന്നും ശിപാർശ ചെയ്യുകയുണ്ടായി.

പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേൽ ക്രമക്കേടുകൾക്ക് ഉത്തരവാദിയെന്ന്

കണ്ടെത്തിയ കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ മുൻ സോണൽ ആഫീസർ ശ്രീ.വി.വി രാജീവിന്റെ സർവ്വീസ് തൃപ്തികരമല്ല എന്ന് കണ്ട് KSR Part III റൂൾ 59 (ബി) പ്രകാരം ടിയാന്റെ പെൻഷനിൽ നിന്നും പ്രതിമാസം 200/- രൂപാ വീതം ആജീവനാന്തം കുറവ് വരുത്തി പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ആയതിന് ടിയാൻ മറുപടി ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ടി മറുപടിയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ശ്രീ. വി. വി. രാജീവനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ കണ്ണൂർ കോർപ്പറേഷൻ മുൻ സോണൽ ആഫീസർ ആയിരുന്ന ശ്രീ.വി.വി.രാജീവനെതിരായ ആരോപണങ്ങളിന്മേൽ അച്ചടക്ക നടപടി സംബന്ധിച്ച മാന്വൽ പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് കുറ്റാരോപിതന് ലഭ്യമാക്കി പ്രസ്തുത വിവരം സഹിതം അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ പരാമർശം 1, 2 എന്നിവയുടെ പകർപ്പ് സഹിതം
2. ശ്രീ.വി.വി.രാജീവൻ, മുൻ സോണൽ ഓഫീസർ, കണ്ണൂർ കോർപ്പറേഷൻ
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി 3/101/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by Sudheer S S
Date: 18-07-2022 10:57:28

സെക്ഷൻ ഓഫീസർ